പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ

22 (*52) ശ്രീ. എം. ഹംസ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാനങ്ങളുമായി വിഭജിക്കാവുന്ന നികുതി വരുമാനത്തിന്റെ 42% സംസ്ഥാനങ്ങൾക്ക് കൈമാറാനും നൽകിവന്നിരുന്ന ഗ്രാന്റ് തുകയിൽ വെട്ടിക്കുറവ് വരുത്താനുമുള്ള കേന്ദ്ര തീരുമാനം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേന്ദ്ര നിലപാടിന്റെ ഗുണദോഷഫലങ്ങളെ സംബന്ധിച്ചുള്ള വിലയിരുത്തലുകൾ വെളിപ്പെടുത്താമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര നികുതി ഇനത്തിൽ കൂടുതലായി ലഭിക്കുമെന്ന് കരുതുന്ന തുക എത്രയെന്നും ഗ്രാന്റിനത്തിൽ പ്രതീക്ഷിക്കുന്ന തുക എത്രയെന്നും വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്തുന്നതിന് കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്ന തുക എത്രയാണ് ; 2015-16 വർഷത്തെ ബഡ്ജറ്റിൽ മേൽപ്പറഞ്ഞ ഓരോന്നിനും കണക്കാക്കപ്പെട്ട തുക എത്ര വീതമായിരുന്നുവെന്ന് അറിയിക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് പതിനാലാം ധനകാര്യ കമ്മീഷൻ കേന്ദ്ര നികുതി വിഹിതം നിലവിലെ 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി വർദ്ധിപ്പിച്ചത്. എന്നാൽ ഇതുമൂലം കേന്ദ്ര സർക്കാരിനുണ്ടാകുന്ന റവന്യൂ വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിന് 2015-16-ലെ കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായത്തിൽ (കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ) ആനുപാതികമായ കുറവ് വരുത്തിയിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാർ 8 കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കുകയും 20 പദ്ധതികളുടെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും തമ്മിലുള്ള അനുപാതത്തിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. കേന്ദ്ര നികുതി

LIBRARY ARCHIVES Kerala Legislative Assembly

വിഹിതം വർദ്ധിപ്പിച്ചതുവഴി സംസ്ഥാനത്തിന് ലഭിക്കുന്ന അധിക തുകയുടെ സിംഹഭാഗവും ഇത്തരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിക്കേണ്ടി വരും. പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക സ്വാതന്ത്ര്യം ഇല്ലാതാക്കുന്ന നടപടിയാണ് ഇതിലൂടെ കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്നത്.

(സി) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര നികുതിയിനത്തിൽ മുൻ വർഷത്തേക്കാൾ 5,195.48 കോടി രൂപ അധികമായി നടപ്പുവർഷം സംസ്ഥാനത്തിന് ലഭിക്കും. ഗ്രാന്റിനത്തിൽ 5,563.42 കോടി രൂപ 2015-16 വർഷം സംസ്ഥാനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) പതിനാലാം ധനകാര്യ കമ്മീഷൻ റവന്യൂ കമ്മി നികത്തുന്നതിനായി 2015-18 കാലയളവിൽ സംസ്ഥാനത്തിനായി ശിപാർശ ചെയ്തിട്ടുള്ള 9,519 കോടി രൂപയിൽ 4,640 കോടി രൂപ നടപ്പുവർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര നികുതിയിനത്തിൽ 13,121.77 കോടിരൂപ 2015-16-ൽ സംസ്ഥാനത്തിനായി കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാന്റുകൾക്കായി എല്ലാ സംസ്ഥാനങ്ങൾക്കുമായി 88,864.52 കോടിരൂപ 2015-16 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ്

23 (*53) ശ്രീ. വി. ശശി :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ന്യൂട്രിഷ്യൻ മോണിറ്ററിംഗ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം ഗ്രാമപ്രദേശങ്ങളെ അപേക്ഷിച്ച് ആദിവാസികൾക്കിടയിൽ പോഷകാഹാരക്കുറവ് കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly